## തദ്ദേശ സ്വയംഭരണ വകുപ്പ് അഡീ. ചീഫ് സെക്രട്ടറിയുടെ ചേംബറിൽ 09.05.2018-ൽ ഉച്ചയ്ക്ക് 1 മണിക്ക് കൂടിയ ലൈഫ് മിഷൻ പ്രത്യേക അവലോകനയോഗത്തിന്റെ മിനിട്ട്സ്

09.05.2018-ൽ അഡീ. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷൻ ഉദ്യോഗസ്ഥരുടേയും, വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥരുടേയും പ്രത്യേക അവലോകനയോഗത്തിന്റെ തീരുമാനങ്ങൾ (പങ്കെടുത്തവരുടെ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു).

1 ലൈഫ് പ്രോജക്ടിന്റെ 2018-19 പദ്ധതികൾക്ക് വായ്പ ലഭ്യമാക്കുന്നതിലേക്കായി അടുത്ത ഹഡ്കോയുടെ ഡയറക്ടർ ബോർഡ് മീറ്റിംഗിൽ അജണ്ടയായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ചീഫ് സെക്രട്ടറി മുഖേന ഒരു കത്ത് ഹഡ്കോ സി.എം.ഡിക്ക് നൽകുന്നതിന് നിർദ്ദേശിച്ചു.

നടപടി - സി.ഇ.ഒ, ലൈഫ് മിഷൻ സമയപരിധി :- 15.05.2018

2. ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും പി.എം.എ.വൈ (ഗ്രാമീൺ) ഗുണഭോക്താക്കളെ വേർതിരിച്ചാൽ മാത്രമെ സമയക്രമം പാലിച്ച് ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് എഗ്രിമെന്റ് വെയ്ക്കാൻ സാധിക്കുകയുള്ളൂ. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിന്ന് പി.എം.എ.വൈ (ഗ്രാമീൺ) മാനദണ്ഡങ്ങൾ പാലിക്കുന്നവരുടെ എണ്ണവും വ്യക്തിഗത വിവരങ്ങളും CRD കണ്ടെത്തി 28.05.208-ന് മുമ്പായി ലൈഫ് മിഷനെ അറിയിക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

നടപടി - സി.ആർ.ഡി സമയപരിധി :- 31.05.2018

3. ലൈഫ് ഗുണഭോക്തൃ പട്ടികയിലുള്ളവരിൽ അർഹരായവരെ പി.എം.എ.വൈ (ഗ്രാമീൺ)-ൽ ഉൾപ്പെടുത്തുന്നതിന് നടപടിക്രമങ്ങൾ ത്വരിത ഗതിയിലാക്കുന്നതിന് സി.ആർ.ഡി കേന്ദ്ര സർക്കാരുമായി നേരിട്ട് ബന്ധപ്പെടേണ്ടതും, പുരോഗതി സർക്കാരിനെ അറിയിക്കേണ്ടതുമാണ് .

നടപടി - സി.ആർ.ഡി സമയപരിധി :- 25.05.2018

4. എം.ജി.എൻ.ആർ.ഇ.ജി.എസ്, കുടുംബശ്രീ മിഷനുമായി ചേർന്ന് നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുമ്പോൾ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിർമ്മാണ സാമഗ്രികൾക്ക് നിശ്ചിത വില ഈടാക്കേണ്ടതാണ്. ഈ തുക തൊഴിലാളികൾക്ക് കൂടുതൽ വേതനം നൽകാനായി ഉപയോഗിക്കുകയും ഇതിലൂടെ കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കും. നിർമ്മാണ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് തലത്തിലും വാർഡുതലത്തിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാനായി സി.ആർ.ഡിയെ ചുമതലപ്പെടുത്തി.

നടപടി – സി.ആർ.ഡി സമയപരിധി :– 31.05.2018

5. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയില് സിമെന്റ് ബ്ലോക്ക് നിർമ്മാണ യൂണിറ്റ്, വാതിൽ, ജനൽ എന്നിവയുടെ ഫ്രെയിം നിർമ്മാണ യൂണിറ്റ് എന്നിവ സ്ഥാപിക്കണം. ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് 90 ദിവസത്തെ unskilled തൊഴിൽ ഉറപ്പാക്കണം, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ എല്ലാ അർഹതയുള്ള PMAY/LIFE ഗുണഭോക്താക്കളെയും അംഗങ്ങളാക്കണം. 2018 19 വാർഷിക പദ്ധതി അംഗീകാരം ലഭിച്ചിട്ടുള്ളപക്ഷം നഗരസഭകള് ഭേദഗതി വരുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കണം. ഓരോ നഗരസഭയിലും ഒരു യൂണിറ്റ് എങ്കിലും ഇത്തരത്തിൽ സ്ഥാപിക്കണം. ആയതിന് കുടുംബശ്രീയ്ക്ക് ചുമതല നൽകണം. ആയതിന് ആവശ്യമായ നിർദേശങ്ങള് നഗരകാര്യ വകുപ്പ് പുറപ്പെടുവിക്കേണ്ടതും തുടർന്ന് തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന കൌൺസില് യോഗത്തില് അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതുമാണ്.

നടപടി – നഗരകാര്യ ഡയറക്ടർ സമയപരിധി :– 31.06.2018

6. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം 31.05.2018–ന് മുമ്പ് തീർക്കുന്നതിനായുള്ള തീവ്രശ്രമം ഉണ്ടാകണമെന്നും ട്രഷറിയിൽ പാസാകാതെ നിൽക്കുന്ന ഏതെങ്കിലും ലൈഫ് ബില്ലുകൾ ഉണ്ടെങ്കിൽ വിവരം യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

നടപടി – സി.ആർ.ഡി, നഗരാകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ

സമയപരിധി :– [illegible].05.2018

7. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ പിന്നിൽ നിൽക്കുന്ന ജില്ലകളുടെ വിശദമായ വിവരം ഗ്രാമപഞ്ചായത്ത് അസോസിയേഷൻ/ മുനിസിപ്പൽ ചെയർമാൻസ് ചേംബേഴ്സ് അസോസിയോഷൻ /മേയേഴ്സ് അസോസിയേഷൻ എന്നിവർക്ക് ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കേണ്ടതാണ്.

നടപടി – സി.ഇ.ഒ., ലൈഫ് മിഷൻ സമയപരിധി :– 15.05.2018

8. ലൈഫ് രണ്ടാംഘട്ട പ്രവർത്തനങ്ങളോടാനുബന്ധിച്ച് ഗുണഭോക്തൃ സംഗമം, വൺഡേ പെർമിറ്റ്, കരാർ വെയ്ക്കൽ, ഒന്നാം ഗഡു വിതരണം എന്നിവ സമയബന്ധിതമായി നടപ്പിലാക്കുകയും ആയതിന്റെ പുരോഗതി ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ലൈഫ് മിഷനെ അറിയിക്കേണ്ടതുമാണ്.

നടപടി – സി.ആർ.ഡി, നഗരാകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ

സമയപരിധി :– 20.05.2018

9. ലൈഫ് മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങളോടനുബന്ധിച്ച് എം.ഐ.എസിൽ ഗുണഭോക്താവിന്റെ അധികവിവരങ്ങൾ (ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, മൊബൈൽ നമ്പർ, കൂടാതെ അവരുടെ കാറ്റഗറി – ജനറൽ, എസ്.സി, എസ്.ടി, ഒ.ബി.സി, മൈനോരിറ്റി, ജൻഡർ) ശേഖരിക്കുന്നു. ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യഥാസമയം അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

നടപടി – നഗരാകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ

സമയപരിധി :– 31.05.2018

10. ലൈഫ് മിഷൻ പ്രവർത്തനങ്ങളുടെമായി ബന്ധപ്പെട്ട് ഇതുവരെ നടന്ന എല്ലാ മീറ്റിംഗുകളുടേയും അജണ്ടയും മിനിട്ട്സും ലൈഫ് മിഷൻ വെബ്സൈറ്റിൽ യഥാസമയം അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

നടപടി – എം.ഐ.എസ് എക്സ്പെർട്ട്, ലൈഫ് മിഷൻ

സമയപരിധി :– 20.05.2018

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ

18/5/2018

അഡീ. ചീഫ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

# അനുബന്ധം

പങ്കെടുത്തവർ

1. ഡോ. ദിവ്യാ എസ്. അയ്യർ, ഡെപ്യൂട്ടി സെക്രട്ടറി, എൽ.എസ്.ജി.ഡി
2. ശ്രീ. സന്തോഷ് എ.ഡി.ഡി.സി, ഗ്രാമവികസന വകുപ്പ്
3. ശ്രീ. ബൽരാജ്, ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്
4. ശ്രീ. അജിത് കുമാർ.എസ്, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5. ശ്രീ. ജോസഫ്, ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
6. ശ്രീ. ബിനു ഫ്രാൻസിസ്, ഡെപ്യൂട്ടി സി.ഇ.ഒ, ലൈഫ് മിഷൻ
7. ശ്രീ. സാബുകുട്ടൻ നായർ, ലൈഫ് മിഷൻ
8. ശ്രീ. ജയന്തൻ, ലൈഫ് മിഷൻ
9. ശ്രീമതി. അജിത, പ്രോഗ്രാം മാനേജർ, ലൈഫ് മിഷൻ
10. ശ്രീ. ഫൈസി, പ്രോഗ്രാം മാനേജർ, ലൈഫ് മിഷൻ
11. ശ്രീ. രാഹുൽ, പ്രോഗ്രാം മാനേജർ, ലൈഫ് മിഷൻ
12. ശ്രീ. സുധീർ, ഫിനാൻസ് ഓഫീസർ, ലൈഫ് മിഷൻ
13. ശ്രീ. കിരൺ ശശി, MIS Expert, ലൈഫ് മിഷൻ